11. കൊല്ലങ്കോട് ഫയർ സ്റ്റേഷൻ

11.24 AM]

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നതാണ് എന്റെ സബ്മിഷൻ. തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന ഈ പ്രദേശത്ത് കടുത്ത വേനൽക്കാലത്ത് തീപിടിത്തം ഉൾപ്പെടെയുള്ള നിരവധി അപകടങ്ങൾ സംഭവിക്കാറുണ്ട്. അപകടമുണ്ടായാൽ ചിറ്റൂർ, ആലത്തൂർ, പാലക്കാട് എന്നിവിടങ്ങളിൽനിന്നാണ് ഫയർ & റെസ്ക്യൂ വിഭാഗം എത്തിച്ചേരുന്നത്. വളരെ വൈകിയാണ് ഫയർ & റെസ്ക്യൂ വിഭാഗം സ്ഥലത്ത് എത്തിച്ചേരുന്നത്. അപ്പോഴേയ്ക്കും ഏതാണ്ട് നാശനഷ്ടം സംഭവിച്ചുണ്ടാകും. ഇതുമൂലം വൻനഷ്ടമാണ് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. കൊല്ലങ്കോട് ഠൗണിൽ സൗകര്യപ്രദമായ 50 സെന്റ് ഭൂമി കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ മൂന്നരക്കോടി രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കാൻ തയ്യാറാണെന്ന് അറിയിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ കത്ത് കൊടുത്തിട്ടുണ്ട്. എ.എസ്. അനുവദിച്ചാൽ മാത്രമേ ഫണ്ട് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. എ.എസ്. അനുവദിച്ച് കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

11.26 AM]

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം-ന്യായമായിട്ടുള്ളതാണ്. 21-12-2011-ലെ G.O (Rt) 3764/2011/Home പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ കൊല്ലങ്കോട് പന്ത്രണ്ടാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽപ്പെട്ട സ്വന്തമായി സ്ഥലവും കെട്ടിടവും സജ്ജീകരിച്ചതുമായ സ്ഥലങ്ങളിൽ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് മുൻഗണന നൽകിവരുന്നത്. കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കാൻ ട്രഷറി വകുപ്പിൽനിന്നും 50 സെന്റ് സ്ഥലം വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ സ്ഥലത്ത് കെട്ടിടം പണിയുന്നതിന് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ 3.6 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യം പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധിയിൽപ്പെടുത്തുകയും ഉടനടി ഭരണാനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് 3.5 കോടി രൂപ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കാമെന്ന് എം.എൽ.എ. പറഞ്ഞിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതാണ്.

12. ബോംബ് നിർമ്മാണത്തിനിടെ യുവാക്കൾ മരണമടഞ്ഞ സംഭവം

11.27 AM]

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിൽ ഈസ്റ്റ് ചെറ്റക്കണ്ടിയിൽ കഴിഞ്ഞ മാസം 6-ാം തീയതി ഉച്ചസമയത്ത് ബോംബ് നിർമ്മിച്ചുകൊണ്ടിരിക്കുമ്പോൾ ബോംബ് പൊട്ടിത്തെറിച്ച് രണ്ട് സി.പി.എം. പ്രവർത്തകർ ദാരുണമായി മരിക്കുകയും രണ്ടുപേർക്ക് വളരെ ഗുരുതരമായി പരിക്കുപറ്റുകയും ചെയ്തു. ഷൈജു, സുബീഷ് എന്നീ രണ്ട് സി.പി.എം. പ്രവർത്തകരാണ് മരിച്ചത്. രതീഷ് എന്നയാളിന്റെ കൈപ്പത്തിയും കാലും മുറിച്ചുമാറ്റി കോഴിക്കോട് ആശുപത്രിയിൽ ചികിത്സയിലാണ്. ഇല്ലത്തുതാഴെയുണ്ടായിരുന്ന നിജീഷിനും ഗുരുതരമായി പരിക്കുപറ്റിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പോലീസ് കേസ് എടുത്തിട്ടുണ്ടെന്നും രണ്ട് ബ്രാഞ്ച് സെക്രട്ടറിമാർ, ഒരു എൽ. സി. മെമ്പർ, ഒരു മഹിളാ ഫെഡറേഷൻ നേതാവ്, ഒരു വിദ്യാർത്ഥി നേതാവ് എന്നിങ്ങനെ അഞ്ചുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും പത്ര വാർത്തകളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു. ഇതിനു മുൻപും കണ്ണൂരിൽ ബോംബ് നിർമ്മാണത്തിനിടയിൽ സ്ഫോടനമുണ്ടാകുകയും ആളുകൾ മരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവം നടന്നിട്ട് രണ്ടാഴ്ച കഴിഞ്ഞു. പ്രതിപക്ഷത്തുനിന്നും ആരെങ്കിലും ഈ വിഷയം സഭയിൽ ഉന്നയിക്കുമെന്നാണ് കരുതിയത്. ആരും ഉന്നയിക്കാത്തതുകൊണ്ട് ആ ജില്ലയിൽ നിന്നുമുള്ള ഞാൻ ഉന്നയിക്കുന്നത്. വീണ്ടും അവിടെ അക്രമപരമ്പരകൾ അരങ്ങേറുകയാണ്. കഴിഞ്ഞയാഴ്ച മൊകേരി പഞ്ചായത്ത് ബൂത്ത് പ്രസിഡന്റ് ജഗദീപൻ (കോൺഗ്രസ്) എന്ന കിണർ നിർമ്മാണ തൊഴിലാളി ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് മോട്ടോർ ബൈക്കിൽ പോകുമ്പോൾ തടഞ്ഞുനിർത്തി അദ്ദേഹത്തെ അടിച്ചുവീഴ്ത്തി വായ് മൂടിക്കെട്ടി കാൽമുട്ട് അടിച്ചുതകർക്കുകയും കാലിൽ 20 സ്ഥലത്ത് വെട്ടുകയും കാലിനും കൈയ്ക്കും തലയ്ക്കും ഗുരുതരമായ പരിക്കുപറ്റി ഇപ്പോൾ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ കിടക്കുകയാണ്. മുഖ്യമന്ത്രി അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. അതുപോലെ അക്രമ സംഭവങ്ങളും ബോംബു നിർമ്മാണവും പല ഭാഗത്തും വ്യാപകമായി നടക്കുന്നു. മിക്ക സ്ഥലങ്ങളിലും സി.പി.എം. സുഹൃത്തുക്കൾ പ്രതികളാണ്. ബോംബ് നിർമ്മാണത്തിന് പ്രേരണ നൽകി, ഒത്താശ നൽകി അയക്കുന്ന സഹായികളായ ആളുകളെ പ്രതിചേർക്കാനും ബോംബ് നിർമ്മാണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly